03/01/22
20/12/21



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No.1525(4)/2017/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നം.10068/എസ്.ഐ.സി–ജി 2/2017)**
**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**
**(തീയതി 20.12.2021)**

ശ്രീ. സി.എ. ഫെലിക്സ്,
മാർബിൾ ട്രസ്റ്റ്ബിൽഡിംഗ്,
ചെറുതോണി, ഇടുക്കി കോളനി (പി.ഒ). — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
എക്സിക്യൂട്ടീവ് എഞ്ചിനീയർ,
കെ.എസ്.ഇ.ബി. ട്രാൻസ് മിഷൻ സർക്കിൾ ഓഫീസ്,
പൂവൻതുരുത്ത് പി.ഒ, കോട്ടയം. — എതിർകക്ഷികൾ

2. അപ്പീൽ അധികാരി &
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ,
കെ.എസ്.ഇ.ബി. ട്രാൻസ് മിഷൻ സർക്കിൾ ഓഫീസ്,
പൂവൻതുരുത്ത് പി.ഒ, കോട്ടയം.

**ഉത്തരവ്**

അപ്പീൽ ഹർജിക്കാരൻ 15.03.2017 ൽ ഒന്നാം എതിർകക്ഷിക്ക നൽകിയ വിവരാവകാശ അപേക്ഷയിൽ ടിയാന്റെ പെൻഷൻ റീഫിക്സേഷൻ സംബന്ധിച്ചും ടെർമിനൽ ലീവ് സറണ്ടർ സംബന്ധിച്ചും, ഇതിന്റെ അടിസ്ഥാനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക സംബന്ധിച്ചുമുള്ള വിവരങ്ങൾ ആവശ്യപ്പെട്ടാണ് അപേക്ഷ നൽകിയത്.

ഇതിന് ഒന്നും രണ്ടും എതിർകക്ഷികൾ നൽകിയ മറുപടി അപൂർണവും തൃപ്തികരമല്ലെന്നും ചൂണ്ടിക്കാട്ടിയാണ് ടിയാൻ 24.07.2017 ൽ കമ്മീഷന് അപ്പീൽ ഹർജി നൽകിയത്. ഇത് സംബന്ധിച്ച് ഒന്നാം എതിർകക്ഷി 26.08.2017 ൽ കമ്മീഷന് റിപ്പോർട്ട് നൽകുകയുണ്ടായി. അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയിലെ ചോദ്യം 1,എ,ബി,2,3 എന്നിവ വ്യക്തിപരമായ വിവരങ്ങളെ സംബന്ധിക്കുന്നതായതുകൊണ്ടും, പൊതുതാൽപര്യവുമായി ബന്ധമില്ലാത്തതായതുകൊണ്ടും നൽകാൻ നിവൃത്തിയില്ലെന്ന് അറിയിച്ചിരുന്നതായി റിപ്പോർട്ടിൽ പറയുന്നു. ടിയാന്റെ പെൻഷൻ റീഫിക്സേഷൻ, ശമ്പള കുടിശ്ശിക എന്നിവയുടെ കാര്യത്തിൽ കെ.എസ്.ഇ.ബി യുടെ തിരുവനന്തപുരത്തെ വൈദ്യുതിഭവനുമായി ബന്ധപ്പെടണം എന്ന മറുപടിയും നൽകിയിരുന്നു. എന്നാൽ ടിയാൻ നൽകിയ മറുപടിയിൽ വിവരങ്ങൾ ലഭ്യമാക്കാൻ നിർവ്വാഹമില്ലെന്നു പറഞ്ഞത് തെറ്റാണെന്ന് ബോധ്യപ്പെടുകയും, ആയതിന് അപ്പീലധികാരിയായ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് വിശദീകരണം നൽകുകയും ചെയ്തിരുന്നു. അതുകൊണ്ട് ബഹു. സുപ്രീംകോടതിക്കും ബഹു. കമ്മീഷനും എതിരായി താൻ പ്രവർത്തിച്ചു എന്ന അപ്പീൽ ഹർജിക്കാരന്റെ ആരോപണം ശരിയല്ലെന്ന് ഒന്നാം എതിർകക്ഷി പറഞ്ഞു. പിന്നീട് എസ്.പി.ഐ.ഒ യിൽ നിന്ന് വിശദീകരണം തേടിയതിന്റെയും, തുടർന്ന് നിർദ്ദേശം നൽകിയതിന്റെയും പകർപ്പുകൾ തുക അടയ്ക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അപ്പീൽ ഹർജിക്കാരനെ അറിയിച്ചിരുന്നു. മേൽ പറഞ്ഞ പകർപ്പുകൾ റിപ്പോർട്ടിനൊപ്പം ഹാജരാക്കുന്നതായും പറഞ്ഞിട്ടുണ്ട്. ഇതിനുശേഷം കമ്മീഷൻ 08.10.2021 ൽ ഓഡിയോ ഹിയറിംഗ് നടത്തി. ഇരുകക്ഷികളും ഹിയറിംഗിൽ പങ്കെടുത്തു.

2. നേരത്തെ റിപ്പോർട്ടിൽ സൂചിപ്പിച്ചതിൽ നിന്ന് അധികമായി ഒരു കാര്യവും ഒന്നാം എതിർകക്ഷിക്ക് ഹിയറിംഗ് വേളയിൽ പറയാനുണ്ടായിരുന്നില്ല. അപ്പീൽ ഹർജിക്കാരൻ ടിയാന്റെ പരാതികൾ ഹിയറിംഗ് ദിവസം തന്നെ കമ്മീഷന് രേഖാമൂലം നൽകിയിരുന്നു. ബഹു. കോടതി വിധി പ്രകാരം ശമ്പളകുടിശ്ശിക ഇനത്തിലും മറ്റുമായി 9 ലക്ഷത്തോളം രൂപ കിട്ടാനുണ്ടായിരുന്നിട്ട്, ആകെ 5 ലക്ഷത്തിൽ താഴെ രൂപമാത്രമാണ് ലഭിച്ചതെന്നും, ബഹു. ഹൈക്കോടതിയുടെ WP(C) 16611/04 dated 04.06.2004, WP(C) 19691/04 dated 06.07.2004 എന്നീ വിധികൾ പ്രകാരം തനിക്ക് പലിശയിനത്തിൽ ലഭിക്കേണ്ടിയിരുന്ന ലക്ഷക്കണക്കിന് രൂപയും ഇതുവരെ ലഭിച്ചിട്ടില്ലെന്നും അപ്പീൽ ഹർജിക്കാരൻ പറഞ്ഞു. തന്റെ ശമ്പളകുടിശ്ശിക ഏതുവിധേനെയും നിഷേധിക്കണമെന്ന ദുഷ്ടലാക്കോടെയാണ്, താൻ ആവശ്യപ്പെട്ട വിവരങ്ങൾ, വ്യക്തിഗത വിവരങ്ങൾ എന്നാരോപിച്ച് നൽകാതിരുന്നതെന്നും ടിയാൻ പറഞ്ഞു. 100% അന്ധനും 90% ബധിരനുമായ താൻ 70 വയസുള്ള സീനിയർ സിറ്റിസൺ ആണെന്നും ടിയാൻ രേഖാമൂലം നൽകിയ മൊഴിയിൽ കൂട്ടിച്ചേർത്തു.

3. ഇരുകക്ഷികളുടെയും മൊഴികളും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. അപ്പീൽ ഹർജിക്കാരനെതിരെ നിലനിന്നിരുന്ന അച്ചടക്ക നടപടികളുടെ തീർപ്പുമായി ബന്ധപ്പെട്ട് ശമ്പള കുടിശ്ശികയും പെൻഷൻ റീഫിക്സേഷനും വ്യക്തിഗത വിവരങ്ങളാണ് എന്ന് ചൂണ്ടിക്കാട്ടി അവ നൽകാൻ കഴിയില്ല എന്ന ഒന്നാം എതിർകക്ഷിയുടെ മറുപടി നിയമപരമല്ല എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. അതുപോലെ 01.06.2017 ൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിലെ ഒന്നാം ഖണ്ഡികയിൽ പറയുന്ന കാര്യങ്ങൾ തെറ്റാണെന്ന് ബോധ്യപ്പെട്ടതിനാൽ എസ്.പി.ഐ.ഒ യിൽ നിന്ന് വിശദീകരണം തേടുകയും ഇത്തരം പിഴവുകൾ മേലിൽ

സംഭവിക്കാൻ പാടില്ലെന്ന് കർശന നിർദേശം നൽകുകയും ചെയ്തിട്ടുണ്ടെന്ന് രണ്ടാം എതിർകക്ഷി പറയുന്നു. ഒന്നും രണ്ടും എതിർകക്ഷികൾ നൽകിയ മറുപടികളിൽ ഒന്നും അപ്പീൽ നൽകുന്നത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താതിരുന്നതും വിവരാവകാശ നിയമത്തിന് വിരുദ്ധമാണ്.

4. എന്നു മാത്രമല്ല, ഒന്നും രണ്ടും എതിർകക്ഷികളുടെ ഓഫീസുകളിൽ ജോലി ചെയ്തിരുന്ന ഒരാളുടെ, അതും 100% അന്ധനും 90% ബധിരനുമായ 70 വയസുള്ള ഒരാളുടെ കാര്യത്തിൽപോലും എതിർകക്ഷികൾ തികഞ്ഞ ലാഘവത്തോടെയാണ് മറുപടി നൽകിയിട്ടുള്ളത് എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ഇത് നിയമപരവും, ധാർമ്മികവും, മനുഷത്വപരവുമായും ശരിയല്ല എന്ന് കമ്മീഷൻ അടിവരയിടുന്നു. ഏത് തലത്തിലുള്ള സർക്കാർ ഉദ്യോഗസ്ഥരും അപേക്ഷകരായ പൊതുജനങ്ങളോട് അല്പമെങ്കിലും കാരുണ്യത്തോടെയും, സഹജാവബോധത്തോടെയും പെരുമാറുക എന്നത് ആധുനിക സമൂഹത്തിന്റെ മൂല്യബോധങ്ങളിൽ പ്രധാനമാണ്. പൊതുജനങ്ങളോട് മാത്രമല്ല കൂടെ ജോലി ചെയ്തിരുന്ന ഒരാളിനോടുപോലും, തികച്ചും കാരുണ്യരഹിതമായാണ് എതിർകക്ഷികൾ പെരുമാറിയിട്ടുള്ളത് എന്നും കമ്മീഷൻ നിരീക്ഷിക്കുന്നു. ഇത് നിയമനടപടി ആവശ്യപ്പെടുന്ന കാര്യമാണ്.

5. ആയതുകൊണ്ട് വിവരാവകാശ അപേക്ഷ കൈകാര്യം ചെയ്ത 2017 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഇതിന്റെ ചുമതലയുണ്ടായിരുന്ന എസ്.പി.ഐ.ഒ യേയും അപ്പീൽ അധികാരിയേയും വിവരാവകാശ നിയമം 20 (1) വകുപ്പ് പ്രകാരം ശിക്ഷിക്കാൻ കമ്മീഷൻ തീരുമാനിക്കുന്നു. അതോടൊപ്പം എതിർകക്ഷികളുടെ അനവധാനതയോടെയുള്ള പ്രവൃത്തികൾമൂലം മാനസികവും, ശാരീരികവും, സാമ്പത്തികവുമായി കഷ്ടനഷ്ടങ്ങൾ നേരിട്ട അപ്പീൽ ഹർജിക്കാരന് വിവരാവകാശ

നിയമം 19(8) (b) പ്രകാരം നഷ്ടപരിഹാരം നൽകാനും കമ്മീഷൻ തീരുമാനിക്കുന്നു. ഈ ശിക്ഷാനടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ ആയത് 2022 ജനുവരി 10 നകം കമ്മീഷനെ രേഖാമൂലമോ നേരിട്ടോ അറിയിക്കേണ്ടതാണ്. മേൽപറഞ്ഞ കാലയളവിനുള്ളിൽ എതിർകക്ഷികളുടെ വിശദീകരണമൊന്നും കമ്മീഷന് ലഭിക്കുന്നില്ലായെങ്കിൽ, ടി കക്ഷികൾക്ക് ഇക്കാര്യത്തിൽ കൂടുതലൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

മേൽപറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിൽ ഇന്നേദിവസം 20.12.2021 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

പകർപ്പ്:-

ചീഫ് എഞ്ചിനീയർ,
കെ.എസ്.ഇ.ബി. ലിമിറ്റഡ്,
വൈദ്യുതി ഭവൻ, പട്ടം,
തിരുവനന്തപുരം.